# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2381

13.02.2013 ൽ മറുപടിയ്ക്ക്

**<u>തിരുവനന്തപുരം ജില്ലാ സഹകരണബാങ്കിന്റെ ഭരണസമിതി പിരിച്ചുവിട്ടത്</u>**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലാ സഹകരണബാങ്കിന്റെ ഭരണസമിതി പിരിച്ചുവിടാനിടയായതിന്റെ കാരണവും സാഹചര്യവും വ്യക്തമാക്കുമോ; | (എ) | കേരള സഹകരണ സംഘം നിയമം (ഭേദഗതി) ഓർഡിനൻസ് 18/2012 പ്രകാരം ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതികളുടെ ഘടനയിൽ മാറ്റംവരുത്തിയതിനെത്തുടർന്ന് നിലവിലുള്ള ഭരണ സമിതികൾ ഇല്ലാതാവുകയാണ് ഉണ്ടായത്. |
| (ബി) ബാങ്കിൽ പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിന് എന്ന് തെരഞ്ഞെടുപ്പ് നടത്തുവാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | ബാങ്കിൽ പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിന് 10.02.2013 ന് തെരഞ്ഞെടുപ്പ് നടത്തുകയുണ്ടായി. |
| (സി) പ്രസ്തുതബാങ്കിൽ തെരഞ്ഞെടുപ്പ് നടത്താനായി തയ്യാറാക്കിയ വോട്ടർ പട്ടികയിൽ ക്രമക്കേടുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ഉണ്ടെങ്കിൽ, ആയവ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ